# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 27-04-2024**

### പ്രധാനവാർത്തകൾ

1. സഹകരണ നിയമ ഭേദഗതിയുൾപ്പെടെ നിയമസഭ പാസ്സാക്കിയ അഞ്ച് ബില്ലുകൾക്ക് അനുമതി നൽകി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.

2. സംസ്ഥാനത്തെ ലോക്സഭാ തിരഞ്ഞെടുപ്പ് പോളിംഗ് പൂർണ്ണ തൃപ്തികരമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ ; വോട്ടിംഗ് യന്ത്രങ്ങളുടെ പ്രവർത്തനം മുൻ വർഷത്തേക്കാൾ മികച്ചതെന്നും മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ.

3. അപൂർവ രോഗമായ സ്പൈനൽ മസ്കുലർ അട്രോഫി ബാധിച്ച 12 വയസ് വരെയുള്ള കുട്ടികൾക്കുള്ള സൗജന്യ മരുന്ന് വിതരണം സംസ്ഥാനത്ത് ആരംഭിച്ചതായി മന്ത്രി വീണാ ജോർജ്ജ്.

4. സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു ; ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് പാലക്കാട്, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ അതീവ ജാഗ്രത.

5. ഐപിഎൽ ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ മുംബൈ ഇന്ത്യൻസിന് 258 റൺസ് വിജയലക്ഷ്യം.

&&&&&&&&&&&&&&&

PNUTVPM

## ഹെഡ്ലൈൻ-1

### ഗവർണർ - ബില്ല്

നിയമസഭാ പാസാക്കിയ അഞ്ചു ബില്ലുകളിൽ കൂടി ഒപ്പിട്ട് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. പരിഗണനയിൽ ഉണ്ടായിരുന്ന ഭൂപതിവ് നിയമ ഭേദഗതി ബിൽ, നെൽ വയൽ നീർത്തട നിയമ ഭേദഗതി ബിൽ, ക്ഷീരസഹകരണ ബിൽ, സഹകരണ നിയമ ഭേദഗതി ബിൽ, അബ്കാരി നിയമ ഭേദഗതി ബിൽ എന്നീ ബില്ലുകളിലാണ് ഗവർണർ ഒപ്പ് വച്ചത്. ഇതോടെ ഗവർണറുടെ പരിഗണനയിൽ ഉണ്ടായിരുന്ന എല്ലാ ബില്ലുകൾക്കും അനുമതിയായി.

****************************

## ഹെഡ്ലൈൻ-2

### സഞ്ജയ് കൗൾ- പ്രതികരണം

RNUTVPM

സംസ്ഥാനത്തെ ലോക്സഭ തിരഞ്ഞെടുപ്പ് പ്രക്രിയയും വോട്ടെടുപ്പും എല്ലാ തലങ്ങളിലും പൂർണമായും തൃപ്തികരമായിരുന്നുവെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ. വോട്ടിംഗ് യന്ത്രങ്ങൾ മുൻ വർഷങ്ങളെ അപേക്ഷിച്ച് മികച്ച പ്രകടനം കാഴ്ചവെച്ചു. സംസ്ഥാനത്തെ പോളിങ് ബൂത്തുകളിൽ 95 ശതമാനത്തിലും വൈകിട്ട് ആറ് മണിയോടെ തന്നെ വോട്ടെടുപ്പ് പൂർത്തിയായി. വടകര മണ്ഡലത്തിലെ ചില ബൂത്തുകളിൽ മാത്രമാണ് പിന്നീടും വോട്ടെടുപ്പ് നടന്നത്. സുഗമമായ വോട്ടെടുപ്പ് തടസ്സപ്പെടുന്ന വിധത്തിലുള്ള ക്രമസമാധാനപ്രശ്നങ്ങളൊന്നും ഇക്കുറി സംസ്ഥാനത്തുണ്ടായില്ലെന്നും മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ ചൂണ്ടിക്കാട്ടി.

****************************

## കെ സി വേണുഗോപാൽ

സംസ്ഥാനത്തെ വിവിധയിടങ്ങളിൽ വോട്ടിങ് യന്ത്രങ്ങൾ തകരാറിലായെന്നും, ഇതിനെ തുടർന്ന് മണിക്കൂറുകൾ വോട്ടർമാർ വരിനിൽക്കേണ്ടി വന്നെന്നും കോൺഗ്രസ്സ് നേതാവ് കെ സി വേണോഗോപാൽ പറഞ്ഞു. യു ഡി എഫിന് മുൻതൂക്കമുള്ള മേഖലകളിൽ തിരഞ്ഞെടുപ്പ് പ്രക്രിയ വൈകിയെന്നും, ഇത് ഗൗരവകരമായ വിഷയമാണെന്നും കെ സി വേണുഗോപാൽ ആരോപിച്ചു. അതേസമയം, യുഡിഎഫിന് മുൻഗണനയുള്ള കേന്ദ്രങ്ങളിൽ മാത്രമല്ല മറ്റു പലയിടങ്ങളിലും വോട്ടെടുപ്പ് വൈകിയെന്ന് എൽഡിഎഫ് നേതാവ് കെ കെ ശൈലജ. ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചെന്ന് കരുതുന്നില്ലെന്നും അവർ വ്യക്തമാക്കി.

******************************

## പോളിങ് കുറവ് (ഇൻട്രോ)

RNU TVPM

കേരളത്തിൽ പോളിംഗ് ശതമാനം കുറഞ്ഞതിനെ തുടർന്ന് രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ വിശകലനങ്ങളും ആരോപണ പ്രത്യാരോപണങ്ങളും ചൂട് പിടിക്കുകയാണ്. ഒന്നര മാസത്തോളം നീണ്ട ഊർജ്ജിത പ്രചാരണത്തിന് ശേഷം നടന്ന തിരഞ്ഞെടുപ്പായിട്ടും, കഴിഞ്ഞ തവണത്തേക്കാൾ കുറഞ്ഞ ജനപങ്കാളിത്തമാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തത്.

**വിശദാംശങ്ങളിലേക്ക്......**

(വോയിസ്)

*സംസ്ഥാനത്തെ എല്ലാ ലോക് സഭാ മണ്ഡലങ്ങളിലും 2019 നെ അപേക്ഷിച്ച് കുറഞ്ഞ ജനപങ്കാളിത്തം ആയിരുന്നു ഇന്നലെ നടന്ന വോട്ടെടുപ്പിൽ രേഖപ്പെടുത്തിയത്. പോസ്റ്റൽ വോട്ടുകൾ കൂടി കണക്കിലെടുക്കുമ്പോൾ മൊത്തം പോളിംഗ്*

*ശതമാനത്തിൽ മാറ്റം വന്നേക്കാമെങ്കിലും, പൊതുസാഹചര്യം, താരതമ്യേന കുറഞ്ഞ പോളിംഗ് ആണ് വ്യക്തമാക്കുന്നത്. ഏറ്റവും കുറവ് പോളിങ് രേഖപ്പെടുത്തിയ പത്തനംതിട്ടയിൽ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 74.3 ശതമാനം പേർ വോട്ട് ചെയ്യുമ്പോൾ, ഇത്തവണ ലഭ്യമായ കണക്ക് അനുസരിച്ച് 63.35 ശതമാനം പേർ മാത്രമാണ് വോട്ട് ചെയ്തത്. ശക്തമായ ത്രികോണ മത്സരങ്ങൾ നടന്ന മണ്ഡലങ്ങളിൽ പോലും പോളിങ്ങിൽ അഞ്ച് മുതൽ ഏഴ് ശതമാനം വരെ കുറവ് വന്നു. ഏറ്റവുമധികം പോളിങ് രേഖപ്പെടുത്തിയ വടകര മണ്ഡലത്തിൽ കഴിഞ്ഞ തിരഞ്ഞെടുപ്പിനെക്കാൾ നാല് ശതമാനത്തിലേറെ കുറവാണ് വോട്ടിങ്ങിൽ സംഭവിച്ചത്.കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 77.84 ശതമാനമായിരുന്നു പോളിങ് ശതമാനമെങ്കിൽ, ഇത് വരെ ലഭ്യമായ വിവരം അനുസരിച്ച് 71.16 ശതമാനമാണ് ഇത്തവണത്തെ പോളിങ് നിരക്ക്. കനത്ത ചൂടുൾപ്പെടെയുള്ള വിവിധ ഘടകങ്ങൾ പോളിങ് ശതമാനം കുറയാൻ കാരണമായെന്നാണ് വിലയിരുത്തൽ. എന്നാൽ വോട്ടിങ്ങിലുണ്ടായ കുറവ് വിജയസാധ്യതയെ ബാധിക്കില്ലെന്ന് വിവിധ കക്ഷിനേതാക്കളും സ്ഥാനാർത്ഥികളും ആത്മവിശ്വാസം പങ്കുവച്ചു.*

*ന്യൂസ് ഡെസ്ക്, ആകാശവാണി*

****************************

## കെ സുധാകരൻ- പ്രതികരണം

ലോക്സഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിൻറെ പ്രതീക്ഷയ്ക്ക് യാതൊരു കുറവുമില്ലെന്നും, മുന്നണിക്ക് അനുകൂലമായ രാഷ്ട്രീയ സാഹചര്യമാണുള്ളതെന്നും കെ.പി.സി.സി. അധ്യക്ഷൻ കെ. സുധാകരൻ. കണ്ണൂരിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മുഖ്യമന്ത്രിയും ബി ജെ പി നേതാവ് പ്രകാശ് ജാവ്ദേക്കറും തമ്മിൽ എവിടെയാണ് കണ്ടുമുട്ടിയതെന്ന് മുഖ്യമന്ത്രി

RNU TVPM

വ്യക്തമാക്കണം. മുഖ്യമന്ത്രിക്ക് ജാവ്ദേക്കറുമായി ബന്ധമുണ്ടെന്ന് വ്യക്തമായെന്നും കെ. സുധാകരൻ പറഞ്ഞു.

****************************

**എം വി ജയരാജൻ- വിവാദം**

ഇ പി ജയരാജനും പ്രകാശ് ജാവ്ദേക്കറുമായുള്ള കൂടിക്കാഴ്ചയിൽ മുഖ്യമന്ത്രി പറഞ്ഞതാണ് പാർട്ടി നയമെന്നും വിഷയത്തിൽ ഇനി ചർച്ചയുടെ ആവശ്യമില്ലെന്നും സി പി എം നേതാവ് എം വി ജയരാജൻ പറഞ്ഞു.

****************************

**നാഷണൽ ക്യാമ്പയിൻ**

മൂന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൻറെ പ്രചാരണം ഊർജ്ജിതമായി മുന്നേറുന്നു. ബിജെപിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി കോലാപൂരിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. കോൺഗ്രസ് നേതാക്കളായ മല്ലികാർജുൻ ഖാർഗെ ഗുവാഹട്ടിയിലും പ്രിയങ്കാ ഗാന്ധി ഗുജറാത്തിലും തിരഞ്ഞെടുപ്പ് പ്രചാരണ യോഗങ്ങളിൽ പങ്കെടുത്തു.

RNU TVPM

****************************

**ഹെഡ്‌ലൈൻ-3**

**അപൂർവരോഗം - വീണാ ജോർജ്**

അപൂർവ രോഗമായ സ്പൈനൽ മസ്കുലർ അട്രോഫി അസുഖം ബാധിച്ച 12 വയസ് വരെയുള്ള കുട്ടികൾക്കുള്ള സൗജന്യ മരുന്ന് വിതരണം സംസ്ഥാനത്ത് ആരംഭിച്ചു. ആറു വയസ് വരെയുള്ള കുട്ടികൾക്ക് നൽകിയിരുന്ന മരുന്നാണ് 12 വയസ് വരെയാക്കിയത്. ആദ്യ ഘട്ടത്തിൽ 10 കുട്ടികൾക്കാണ് മരുന്ന്

നൽകിയത്. ഡോസിന് 6 ലക്ഷത്തോളം രൂപ വില വരുന്ന 600 യൂണിറ്റോളം റിസ്ഡിപ്ലാം മരുന്നാണ് കുട്ടികൾക്ക് നൽകിയത്. അപൂർവ രോഗം ബാധിച്ചവരുടെ ചികിത്സയ്ക്കായി സർക്കാർ പ്രത്യേക പ്രാധാന്യമാണ് നൽകുന്നതെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു.

***************************

ഹെഡ്‌ലൈൻ-4

**സംസ്ഥാനം - ഉഷ്ണതരംഗം**

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കൊല്ലം, പാലക്കാട്, തൃശൂർ ജില്ലകളിൽ ഇന്നും നാളെയും ഉഷ്ണതരംഗത്തിന് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ് അറിയിച്ചു. അടുത്ത ദിവസങ്ങളിൽ കൊല്ലം, തൃശൂർ ജില്ലകളിൽ 40 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരുമെന്നാണ് മുന്നറിയിപ്പ്. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ട്.

RNUTVPM

***************************

**പാലക്കാട് - ഉഷ്ണതരംഗം (ഇൻട്രോ)**

പാലക്കാട് ജില്ലയിൽ ഉഷ്ണതരംഗം നിലനിൽക്കുന്ന സാഹചര്യത്തിൽ സൂര്യാഘാതമേൽക്കാതിരിക്കാനുള്ള മുൻകരുതൽ വേണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശം നൽകി. മെയ് 1 വരെ ജില്ലയിൽ ഉയർന്ന താപനില 41 ഡിഗ്രി സെൽഷ്യസ് വരെ ഉയരാമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്......**

(വോയിസ്)

****************************

**ഉഷ്ണതരംഗം - വീണാ ജോർജ്ജ്**

ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്ത് അതീവ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ, ഗുരുതര രോഗമുള്ളവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. നിർജലീകരണം ഉണ്ടാകാനിടയുള്ളതിനാൽ ധാരാളം വെള്ളം കുടിക്കണം. ശാരീരിക ബുദ്ധിമുട്ടുകളുണ്ടായാൽ ഉടൻ ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

****************************

**നേരിയ മഴ**

സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളിൽ അടുത്ത അഞ്ചു ദിവസം നേരിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ഏഴ് ജില്ലകളിലാണ് മഴ മുന്നറിയിപ്പ്. അതേസമയം , കേരള തമിഴ്നാട് തീരങ്ങളിൽ നാളെ ഉയർന്ന തിരമാലയ്ക്ക് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

****************************

## ഹെഡ്‌ലൈൻ-5

**ഐപിഎൽ ക്രിക്കറ്റ്**

ഐ പി എൽ ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ മുംബൈ ഇന്ത്യൻസിന് 258 റൺ വിജയലക്ഷ്യം. ടോസ്

PNU TVPM

നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്യാനിറങ്ങിയ ഡൽഹി, നിശ്ചിത ഇരുപത് ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 257 റൺ നേടി. മുംബൈയുടെ മറുപടി ബാറ്റിംഗ് പുരോഗമിക്കുകയാണ്. രാത്രി 7.30 ന് ലക്നൗവിൽ നടക്കുന്ന രണ്ടാം മത്സരത്തിൽ ലക്നൗ സൂപ്പർ ജയൻറ്സും-രാജസ്ഥാൻ റോയൽസും ഏറ്റുമുട്ടും.

****************************

## ഐഎസ്എൽ

ISL ഫുട്ബോൾ സെമിഫൈനൽ രണ്ടാം പാദ മത്സരത്തിൽ ഒഡിഷ, നാളെ മോഹൻ ബഗാൻ FC യെ നേരിടും. കൊൽക്കത്തയിൽ രാത്രി 7:30നാണ് മത്സരം.

****************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. ഇന്നത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

****************************

## ദാരുണാന്ത്യം

തലശ്ശേരിയിൽ കൽത്തൂൺ ഇളകി ദേഹത്ത് വീണ് 14 കാരന് ദാരുണാന്ത്യം. പാറാൽ ആച്ചുകുളങ്ങര സ്വദേശി കെ.പി. ശ്രീനികേതാണ് മരിച്ചത്. തിരുവങ്ങാട് വലിയ മാടാവിൽ സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർത്ഥിയാണ് ശ്രീനികേത്.

****************************

RNU TVPM

## കെ എസ് ആർ ടി സി - അപകടം

ദേശീയപാതയിൽ കൊല്ലം ചവറ ഇടപ്പള്ളിക്കോട്ടയ്ക്ക് സമീപം കെഎസ്ആർടിസി ഓർഡിനറി ബസിനു പിന്നിൽ ഫാസ്റ്റ് പാസഞ്ചർ ബസ് ഇടിച്ചുകയറി 36 പേർക്ക് പരുക്കേറ്റു. രാവിലെ ആയിരുന്നു അപകടം. ഇരു ബസുകളും ഉണ്ടായിരുന്ന യാത്രക്കാർക്കാണ് പരിക്കേറ്റത്.

****************************

## ഗതാഗത നിരോധനം

ഇടുക്കി ചപ്പാത്ത് കട്ടപ്പന റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ആലടി ഭാഗത്ത് റോഡ് വീതി കൂട്ടുന്ന പ്രവൃത്തികൾ നടക്കുന്നതിനാൽ ആലടി മുതൽ പരപ്പ് വരെ മറ്റന്നാൾ മുതൽ മെയ് 15 വരെ ഗതാഗതം പൂർണ്ണമായും നിരോധിച്ചു.

****************************

## സ്വർണ്ണ വില

സ്വർണ വിലയിൽ വർധന. പവന് 160 രൂപ കൂടി 53,480 രൂപയും ഗ്രാമിന് 6,685 രൂപയുമാണ് ഇന്നത്തെ വില.

*

*********************

**************************************************

RNU TVPM